## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2639 **14.02.2013**-ൽ മറുപടിക്ക്

# കോഴിക്കോട് മെഡിക്കൽ കോളേജിൽ 2008 മുതൽ കേന്ദ്ര സർക്കാർ അനുവദിച്ച തുക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.പ്രദീപ്കുമാർ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി ) |
| എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ 2008 മുതൽ കേന്ദ്ര സർക്കാർ ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂപവീതം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;<br><br>ബി) പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | എ) യും ബി)യും | കോഴിക്കോട് മെഡിക്കൽ കോളേജിന് 2009, 2010 എന്നീ വർഷങ്ങളിൽ 'ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പദ്ധതി' പ്രകാരം 50,000/- രൂപ വീതം ലഭിയ്ക്കുകയും ആ തുക മുഴുവൻ ഉപയോഗിക്കുകയും ചെയ്തു. ചിക്കൻഗുനിയ ഗ്രാന്റായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐ.സി.എം.ആർ) 2010-ൽ അനുവദിച്ച 23,56,513/- രൂപ മുഴുവൻ ഉപയോഗിച്ചു കഴിഞ്ഞു. കൂടാതെ 2010-ൽ കണ്ണൂർ ജില്ലാ മാനസികാരോഗ്യപദ്ധതി (ഡി.എം.എച്ച്.പി) പ്രകാരം കേന്ദ്ര ധനസഹായമായി 68,17,000/- രൂപ ലഭിച്ചതിൽ 32,53,153/- രൂപ ഇതുവരെ |

ചെലവഴിച്ചിട്ടുണ്ട്. ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒഫ്താൽമോളജി വിഭാഗത്തിന് 2011-ൽ 40,00,000/- രൂപ ലഭിച്ചിട്ടുണ്ട്. ഇതിന്റെ ടെന്റർ നടപടി പുരോഗമിക്കുന്നു. "സ്ട്രെങ്തനിംഗ് ആന്റ് അപ്ഗ്രഡേഷൻ ഓഫ് സ്റ്റേറ്റ് ഗവൺമെന്റ് മെഡിക്കൽ കോളേജസ്" എന്ന കേന്ദ്ര പദ്ധതി പ്രകാരം 2012-ൽ കോഴിക്കോട് മെഡിക്കൽ കോളേജിന് 27.793 കോടി രൂപ അനുവദിക്കുകയും 10.42 കോടി രൂപ കേന്ദ്രവിഹിതത്തിന്റെ ഒന്നാം ഗഡുവായി ലഭ്യമാക്കുകയും ചെയ്തു. ഇതിന്റെയും ടെന്റർ നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ